# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 327 23.01.2018 -ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ. മെഡിക്കൽ ഉപകരണങ്ങൾ'**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി.എ. റഹീം :** | | **ശ്രീമതി.കെകെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) കെ.എം.എസ്.സി.എൽ. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നത് ആരിൽ നിന്നാണെന്ന് വിശദമാക്കാമോ;<br>(ബി) തുടർച്ചയായി മുൻവർഷങ്ങളിൽ ടെണ്ടറിൽ പങ്കെടുത്തവർക്ക് മാത്രമാണോ സപ്ലൈ ഓർഡർ നൽകുന്നത്; വ്യക്തമാക്കാമോ;<br>(സി) ഇതു മൂലം വിലകുറച്ച നൽകാൻ കഴിയുന്ന കമ്പനികൾക്കും ആധുനിക ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നവർക്കും ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ആരോഗ്യ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങളും സ്പെസിഫിക്കേഷനും അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇ-ടെണ്ടർ വിളിക്കുകയും അതിൽ പങ്കെടുക്കുന്ന വിതരണക്കാരിൽ നിന്നും ഉപകരണങ്ങളുടെ സാങ്കേതിക പരിശോധനയിൽ യോഗ്യത നേടിയ കമ്പനിക്കാരുടെ വിലവിവരം മാത്രം തുറക്കുകയും അതിൽ നിന്നും ഏറ്റവും കുറവ് രേഖപ്പെടുത്തിയിട്ടുള്ള വിതരണക്കാരനുമായി 2 വർഷത്തേയ്ക്ക് റണ്ണിംഗ് കോൺട്രാക്ട് ഉറപ്പിക്കുകയും ചെയ്യുന്നു. റണ്ണിംഗ് കോൺട്രാക്റ്റിന്റെ കാലാവധി കഴിയുകയോ ടെണ്ടറിൽ പറയുന്ന ഉപകരണത്തിന്റെ എണ്ണം കഴിയുന്നതു വരെയോ വിതരണ ഉത്തരവ് നൽകുന്നതാണ്. കാലാവധി കഴിയുമ്പോൾ ടെൻഡർ റദ്ദാക്കുകയും വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ചെയ്യുന്നു. ഇതു മൂലം വിലകുറച്ച് നൽകാൻ കഴിയുന്ന കമ്പനികൾക്കും ആധുനിക ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നവർക്കും ഒരവസരത്തിൽ അല്ലെങ്കിൽ മറ്റൊരവസരത്തിൽ ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്. |
| (ഡി) സി.ഇ./എഫ്.ഡി.എ. സർട്ടിഫിക്കേഷൻ ഉള്ള ലേറ്റസ്റ്റ് പ്രോഡക്ടുകൾ ലഭ്യമാക്കാൻ കഴിയുന്ന കമ്പനികളെ നിലവിലുള്ള മാനദണ്ഡങ്ങൾ കാരണം ടെണ്ടറിൽ നിന്നും മാറ്റി നിർത്തപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | |
|---|---|
| (ഇ) ടെണ്ടർ വഴി വാങ്ങുന്ന മെഡിക്കൽ ഉപകരണങ്ങൾക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ വാറണ്ടി ലഭ്യമായിരിക്കണമെന്ന വ്യവസ്ഥ ഉണ്ടാകുമോ | (ഇ) നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങുന്ന ഉപകരണങ്ങൾക്ക് താഴെപ്പറയുന്ന വാറണ്ടി വ്യവസ്ഥകളാണ് നിശ്ചയിച്ചിട്ടുള്ളത്.<br>1. പതിനയ്യായിരം രൂപയിൽ താഴെയുള്ള ഉപകരണങ്ങൾക്ക് ഒരു വർഷം.<br>2. പതിനയ്യായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള ഉപകരണങ്ങൾക്ക് രണ്ടു വർഷത്തെ വാറണ്ടിയും അഞ്ചുവർഷത്തെ വില്പനാനന്തര സേവനവും.<br>3. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഉപകരണങ്ങൾക്ക് മൂന്നു വർഷത്തെ വാറണ്ടിയും ഏഴു വർഷത്തെ വില്പനാനന്തര സേവനവും. |
| (എഫ്) എല്ലാവർക്കും ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ മാനദണ്ഡങ്ങൾ മാറ്റാൻ തയ്യാറാകുമോ? | (എഫ്) ഉപകരണങ്ങളുടെ ഗുണനിലവാരവും വില്പനാനന്തര സേവനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്.<br>1. ദർഘാസിൽ പങ്കെടുക്കുന്ന കമ്പനിയ്ക്കോ അതിന്റെ ഉൽപാദകരായ കമ്പനിയ്ക്കോ അവസാന മൂന്നുവർഷം അതേ മേഖലയിൽ പ്രവൃത്തിപരിചയം ഉണ്ടായിരിക്കേണ്ടതാണ്.<br>2. കമ്പനിയുടെ മൂന്നു വർഷത്തെ ശരാശരി വില്പന, ദർഘാസ് ക്ഷണിക്കുന്ന ഉപകരണത്തിന്റെ മതിപ്പുവിലയുടെ മൂന്നിരട്ടി ഉണ്ടാകണം.<br>3. മൂന്നുവർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.<br><br>നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ